
# അക്ഷരനാളങ്ങൾ




സെൻറ് ജോൺസ് കൊഴുവനാൽ

## ഉള്ളടക്കം

*സ്മൃതികൾ*..........5
*ആതിരബിജു9 എ*..........5
അഞ്ജന ശ്രീജിത്ത്9 എ..........6
സൈക്കിൾ..........6
പ്രളയം..........8
ഹരിശങ്കർ 9 എ..........8
*വിശ്വാസം*..........*10*
ലല്ലു പ്രദീപ്9 എ..........10
എഴുത്തച്ഛൻ..........11
ശ്രീരാജ് ശ്രീകുമാർ 9 എ..........11
എന്റെ അദ്ധ്യാപകൻ അനന്തകൃഷ്ണൻ എസ് .9 എ..........12
റൂണി ജോസ് 9 എ..........13
മനുഷത്വം, സമത്വം , സ്നേഹം..........13
ഉമഴ..........16
ശ്രീലക്ഷ്മി എച്ച് 10 എ..........16
എണ്ണം അതുല്ല്യ അനിൽകുമാർ 9 എ..........19
സച്ചിൻ വി.എസ് 9 എ..........20
കുമാരനാശാൻ..........20
വിരഹം..........23
അജയ്ദിലീപ് 9 എ..........23
പഴഞ്ചൊല്ല്..........26
ശ്രീഹരി വിനോദ് 9 എ..........26
അക്ഷരം..........28
അനിലതോമസ്9 എ..........28
മഴ..........29
അർജ്ജുൻ മോഹൻദാസ്9 എ..........29
ഞാൻ മരിച്ചാൽ..........30
നവ്യ ബാബു 9 എ..........30
പുൽക്കുട്ടിലേയ്ക്ക്..........32
ജൂലിയമോൾ 9 എ..........32
മഹാധവളേശ്വരൻ..........34
ശിവപ്രിയ എസ്9 എ..........34

# എഡിറ്റോറിയൽ


പ്രിയകുട്ടുകാരെ ,

ലോകമെമ്പാടും ഐ.റ്റി മേഖലകൾ വൻവിജയംകൈവരിച്ചുകൊണ്ടിരിക്കുന്നകാലമാണല്ലോ ഇത്. കുട്ടികളെ ഐ.റ്റി മേഖലകളിൽ കൂടുതൽ പ്രാവീണ്യമുള്ളവരാക്കാൻ എല്ലാ സ്കൂളുകളിലും ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം നടക്കുന്നുണ്ട് . ഞങ്ങളുടെ സ്കൂളിൽ - സെന്റ് ജോൺ നെപുംസ്യാൻസ് ഹയർസെക്കന്ററി സ്കൂളിൽ 13 പെൺകുട്ടികളും 17 ആൺകുട്ടികളും കൂടി ആക 30 കുട്ടികളാണ് ഉള്ളത്. ഞങ്ങളുടെ ഇത്രയും നാളത്തെ പഠനത്തിന്റെയും ഞങ്ങളുടെ അധ്യാപകരുടെ കഠിനപ്രയത്നത്തിന്റെയും ഫലമായി തയാറാക്കിയ ' **അക്ഷര നാളങ്ങൾ** ' എന്ന ഈ മാഗസ്സിൻ സദയം സമർപ്പിക്കുന്നു.............

# എഡിറ്റോറിയൽ ബോർഡ്


- ആതിര ബിജു
- അതുല്യ അനിൽ കുമാർ
- ലുലു പ്രദീപ്
- റൂണി ജോസ്
- അനന്തകൃഷ്ണൻ എസ്
- ശ്രീഹരി വിനോദ്
- സച്ചിൻ വി.എസ്

കവിത



# സ്മൃതികൾ

***ആതിരബിജു9 എ***

കാലം മുന്നോട്ടോടുമ്പോൾ
ഓർമ്മകൾ പിന്നോട്ടു പായുന്നു
ദുഃഖസ്മൃതികളിൽ
തട്ടി സംതൃപ്തിയെ
**സ്വപ്നം കാണുന്നു**
യാത്രകളിലെല്ലാം
പൂത്തമാമരക്കൊമ്പുകളെ
തളിർത്തുലഞ്ഞ
പാടങ്ങളെ.
തീരാത്ത ദുഃഖവുമായി
തോരാത്ത
കണ്ണീരുമായി
വിടവാങ്ങുന്ന
സന്ധ്യകൾ
കാഴ്ചകളെ
ഒളിപ്പിച്ചു കടത്തുന്നു

കഥ



[1]അഞ്ജന ശ്രീജിത്ത്9 എ

# സൈക്കിൾ


ഒരിടത്ത് ഒരിടത്ത് രാമുവും അവന്റെ എറ്റവും പ്രീയപ്പെട്ടസൈക്കിളുംഉണ്ടായിരുന്നുരാമുവിനെഎല്ലാവരുംകളിയാകുമായിരുന്നു .

ഒരു ദിവസം മീനു എന്ന അഹങ്കാരിയായ കുട്ടി രാമുവിനെ കളിയാക്കി .എന്റെ കാറിനെ കണ്ടോ നിന്റെ പാട്ട സൈക്കിളിനെക്കാളും വേഗത്തിൽ പോകും . രാമുവിന് വളരെ സങ്കടമായി.

1 കഥാരചനയ്ക്ക് സ്കൂളിൽ ഒന്നാം സ്ഥാനം കിട്ടിയ കുട്ടിയാണ്

അങ്ങനെ പറഞ്ഞ് മീനു കാർ പായിച്ചു വിട്ടു .പാവം രാമു സൈക്കിൾ ചവിട്ടി വന്നു.മീനു ഒരു പോസ്ററിൽ ചെന്ന് ഇടിച്ചു. ഭാഗ്യത്തിന് മീനുവിന് ഒന്നും പറ്റിയില്ല.

അതുവഴി പയ്യെവന്ന രാമു ചോദിച്ചു.മീനു നിനക്കെന്തുപ്പറ്റി
മീനു രാമുവിനോട് ക്ഷമ ചോദിച്ചു ഇനി ഞാൻ ഒരിക്കലും നിന്റെ സൈക്കിളിനെ കുറ്റം പറയില്ല. അവർ സന്തോഷത്തോടെ രാമുവിന്റെ സൈക്കിളിൽ കയറി പോയി.



കഥ



# പ്രളയം

ഹരിശങ്കർ 9 എ

വാമനപുരത്ത് പാറേമ്മാക്കൽ മത്തായിയെ അറിയാത്തവരില്ല.കേരളത്തിലെ ഒരു പണക്കാരനാണ്.പുള്ളി ഒരു പിശുക്കനാണ്.പക്ഷേ മകനു വേണ്ടി അയാൾ എന്തും ചെയ്യും.മകൻെറ പേര് ജോർജ്ജ് എന്നാണ്.അവനൊരു മടിയനാണ്. അവരുടെ അയൽവക്കകാരുടെ മകനാണ് ക്രിസ്റ്റോ.

ജോർജ്ജിന് ക്രിസ്റ്റോയോട് പുച്ഛമായിരുന്നു. .ജോർജ്ജിനെക്കാളും നല്ല മാർക്കുണ്ടായിരുന്നു ക്രിസ്റ്റോയിക്ക്.ക്രിസ്റ്റോയിക്ക് എല്ലാത്തിനും എ+ആണ് .ക്രിസ്റ്റോയുടെ മാതാപിതാക്കൾക്ക് അഭിമാനം തോന്നി. അവനെ തുടർന്നു പഠിപ്പിക്കാനുള്ള പണം അവരുടെ കൈയ്യിലില്ലായിരുന്നു

ക്രിസ്റ്റോ പഠിച്ചത് അവന്റെ സ്കൂളിൽ നിന്ന് കിട്ടുന്ന

പണംകൊണ്ടാണ്.അങ്ങനെ അവൻ വലിയ നിലയിലെത്തി.

അങ്ങനെ ഇരിക്കുമ്പോഴാണ് നാടിനെ നടുക്കുന്ന പ്രളയം ഉണ്ടാകുന്നത്. ആ സമയം മത്തായിയെയും കുടുംബത്തെയും രക്ഷിക്കാൻ ആരും

ഉണ്ടായിരുന്നില്ല.അപ്പോഴാണ് ക്രിസ്റ്റോ ഒരു ദൈവദൂതനെ പോലെ വന്നത്.അവൻ മത്തായിയെയും കുടുംബത്തേയും രക്ഷിച്ചു.

ആ നന്ദി ക്രിസ്റ്റോയോടും കുടുംബത്തോടും അവർ എന്നും പുലർത്തുന്നു . അതു കാരണം ക്രിസ്റ്റോയും ജോർജ്ജും ഇന്നും നല്ല സുഹൃത്തുക്കളായി കഴിയുന്നു.



കവിത

# വിശ്വാസം




ലുലു പ്രദീപ്9 എ

*സൂര്യൻ ഉദിച്ചുയരുന്നു*
*എല്ലാം ഇരുട്ടും ഞാന-*
*വസാനിപ്പിക്കുമെന്ന*
*ആത്മവിശ്വാസത്തിൽ*
*ഒടുവിൽ പരാജയപ്പെട്ടു*
*ചോരയിൽ കുളിച്ചു*
*ശവമടക്കം ചെയ്യപ്പെടുന്ന*
*അസ്തമയങ്ങളിൽ*
*ച ന്ദ്രൻ വന്നെത്തുന്നു*
*ഇരുട്ടിനെ ജയിക്കാൻ*
*മറ്റൊരു ജയിക്കാൻ*
*മറ്റൊരു സൂര്യൻ*
*ഉദിക്കുമെന്ന പ്രതീക്ഷയിൽ...*

ജീവചരിത്രം

# എഴുത്തച്ഛൻ



ശ്രീരാജ് ശ്രീകുമാർ 9 എ

*തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്നാണ് പേര് എന്നു കരുതുന്നു.16-ാം നൂറ്റാണ്ടിൻ ജീവിച്ചിരുന്നു.മലബാറിലെ പഴയ പൊന്നാനി താലൂക്കിലെ തിരുരിനടുത്ത് തൃക്കണ്ടിയൂരാണ് ജന്മസ്ഥലം.അവിടം ഇന്ന് തുഞ്ചൻപറമ്പ് എന്നറിയപ്പെടുന്നു.*

*മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന ആചാര്യൻ മലയാളത്തിലെ ഭക്തി പ്രസ്ഥാനത്തിന്റെ മുഖ്യ പ്രയോക്താവാണ്.കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി.കേരളീയ സമൂഹത്തെ ജീർണ്ണതകളിൽ നിന്നും മോചിപ്പിക്കുന്നതിനും ഒരു സമൂഹം എന്ന നിലയിൻ ഓന്നായി നിറ്ത്തുന്നതിനും ആചാര്യന്റെ കൃതികൾക്കു കഴിഞ്ഞു എന്നത് നിസ്തർക്കമാണ്അധ്യാത്മരാമായണം,ശ്രീമഹാഭാരതം എന്നീ കിളിപ്പാട്ടുകളും ചിന്താരത്നം,ഹരിനാമകീർത്തനം എന്നിവയുമാണ് പ്രധാനകൃതികൾ.*

*കവിത*



# എന്റെ  അദ്ധ്യാപകൻ

അനന്തകൃഷ്ണൻ എസ് .9 എ

*അറിവിൻെറ ചവിട്ടുപടിയിലേക്കു ഞാനാദ്യമായി*
*നിറമിഴികളോടു കൂടെ എന്നമ്മ തൻ*
*വാത്സല്യമാം  പടികളിറങ്ങി*
*എൻ കുഞ്ഞുപാദങ്ങൾ ഉറപ്പിക്കുമ്പോൾ*
*എവിടെ നിന്നോ ഒരു നനുത്ത സ്പർശം*
*അതെന്നെ പുതുലോകത്തേക്ക് കരം പിടിച്ചുയർത്തി*
*അന്നു ഞാൻ ആദ്യമായ് കണ്ടു ആ*
*സരസ്വതി രൂപം പൂണ്ട  എന്നമ്മതൻ*
*വാത്സല്യപ്പകർപ്പ്: "എന്റെ ടീച്ചർ "*

കഥ



റൂണി ജോസ് 9 എ

# മനുഷ്യത്വം, സമത്വം , സ്നേഹം

മൂന്നു നദികൾ  സംഗമിക്കുന്ന ഒരു തീരം.അതിനുചുറ്റും വ്യാപിച്ചു കിടക്കുന്ന ഒരു മഹാനഗരം.ഫ്ലാറ്റുകളിലു വീടുകളിലും ആർഭാടകരമായ ജീവിതം നയിക്കുന്ന ഒരു പറ്റം ആളുകൾ.

ഇതിനെല്ലാമിടയിൽ നാട്ടിൻ പുറത്തുനിന്നു മാറി താമസിക്കുന്ന ഒരു കൊച്ചു കുടുബം.അച്ചനും അമ്മയും മക്കളും .നാലു വയസുള്ള ഒരു മകനും ഒന്നിൽ പഠിക്കുന്ന മകളും.പട്ടണം തികച്ചു അപരിചിതമായ ഒരു കുടുബം.വൈകുന്നേരങ്ങളളിൽ അവർ നടക്കാൻ ഇറങ്ങും എല്ലാ കാര്യങ്ങളും പരസ്പരം സംസാരിക്കും. ഈ സംസാരത്തിൽ അവർ എന്നും ആവർത്തിച്ചു പറയുന്ന കാര്യം ആർക്കു സമയമില്ല.അച്ചൻ അവരോടു പറയും നമ്മുടെ നാടിനെക്കാളും തികച്ചും  വ്യത്യസ്തമാണ് നഗരം. ആർക്കും ഒന്നും സംസാരിക്കാനോ പറയാനോ  സമയമില്ല.

പിറ്റേന്ന് മക്കളെ സ്കൂളിൽ ചേർക്കുവാനായി അടുത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചെന്നു .കുട്ടിയെ ചേർക്കണമെങ്കിൽ കുറച്ചു പണചെലവ് വേണമെന്ന് മനസ്സിലായി.കുട്ടിയുടെ ഭാവിയെ ഓർത്ത് അദേഹം അധ്വാനിച്ച് പണം സമ്പാദിച്ച് കുട്ടിയെ അവിടെ ചേർത്തു.

വൈകുന്നേരം സംഭാഷണവേളയിൽ കുട്ടി നിശബ്ദനായി ഇരിക്കുന്നത്എന്താണെന്ന് അവർ അന്വേഷിച്ചു.കുട്ടി പറഞ്ഞു സ്കൂളിൽ എല്ലാവരും ഇങ്ങനെയാണ്. മലയാളം സംസാരിച്ചാൽ ടീച്ചർ വഴക്കുപറയും എന്താ അച്ഛാ എല്ലാവരും ഇങ്ങനെയാ. അച്ഛൻ പറഞ്ഞു എല്ലാ ദൈവം കാണുന്നുണ്ട്.സ്നേഹവും സമത്വവും എല്ലാവരിലും നിറയുന്ന ഒരു കാലം വരും നമ്മുക്ക് അതിനായി കാത്തിരിക്കാം.

കുറച്ചുനാളുകൾക്ക് ശേഷം കാലവർഷം ആരംഭിച്ചു.ദിനം തോറും മഴയുടെ ശക്തി കുടി. നദികളും മറ്റും പരിധിക്കപ്പുറം കര കവിഞ്ഞ് ഒഴുകി.മനുഷ്യൻ നിക്ഷേപിച്ച മാലിന്യങ്ങൾ പുഴ തിരിച്ചു നൽകി. എല്ലാ വീടുകളിലും കടകളിലും സ്ഥാപനങ്ങളിലും മഴവെള്ളം ഇരച്ചു കയറി . ഓരോദിവസവും മഴയുടെ ശക്തി കുടി .

മനുഷ്യൻ പ്രകൃതിക്ക് നൽകിയ വേദനകൾ പ്രകൃതി തിരിച്ചു നൽകി. അനധികൃതമായി കെട്ടിഉയർത്തിയ സ്ഥാപനങ്ങൾ

വെള്ളം തുടച്ചുമാറ്റി . ഒന്നും  ഇല്ലാത്തവനും എല്ലാമുള്ളവനും ഒരുപോലെയായി.

ഒരു നേരത്തെ ഭക്ഷണത്തിനായി എല്ലാവരും വിലപിച്ചു.ഒടുവിൽ മനുഷ്യനിൽ മനുഷ്യത്വവും  സ്നേഹവും സമത്വവും ഉണർന്നു .ഇതെല്ലാം കണ്ട് ആ ബാലൻ തന്റെ അച്ഛനോടു ചോദിച്ചു : ദൈവം എല്ലാവരെയും ഒന്നിപ്പിക്കുകയാണോ? ദൈവത്തിന്റെ മുമ്പിൽ എല്ലാവരും സമൻമാരാണ്.



കവിത

# ഈമഴ



**ശ്രീലക്ഷ്മി എച്ച് 10 എ**

ഓരോ മഴത്തുള്ളി പൊഴിയവേ
നിൻ നാദ മനോഹര ഗീതം
ചാറ്റലായ് എന്നിലേക്കലിയവേ
ആർദ്രമീ മണിയറയ്ക്കുള്ളിലെ
താള സങ്കീർത്തന ലയങ്ങളായി
കനക മുത്തുകൾ ചെന്നുലയുന്ന

പുഴയുടെ ഓളങ്ങളിൽ ഞാൻ
നീന്തി തുടിക്കുന്ന ചെറുമീനുകളെ പോലെ

നൃത്തമാടുന്ന പൊൻ മയിലുകളെ പോലെ

അറിയുന്നു മഴതൻ സുഗന്ധം

കാർ മേഘപാളിയിൽ നിന്നുയരുന്നു

രത്നങ്ങളാകുന്ന പരിശുദ്ധ ജലകണങ്ങളും

ആരോരുമറിയാതെ എൻ വീട്ടിന്നിറയത്ത്

തോരണം ചാർത്തി നിന്നിടുന്നു

അന്തിയിൽ പൂക്കുന്ന ചെമ്മാന സ്വർഗ്ഗത്തെ


തുവെണ്മയേകി നീ മൗനമാക്കി

വരുമോ ഒരിക്കൽ കൂടി

എനിക്കായ് മാത്രം

തരുമോ നിൻ

മന്ത്രവീഥി.



*കഥ*



# എണ്ണം

**അതുല്ല്യ അനിൽകുമാർ 9 എ**


*പണ്ട് പണ്ട്  ഒരിക്കൽ ഒരു കാട്ടിൽ കണക്കെടുപ്പ് നടക്കുകയായിരുന്നു.ആർക്കാണ് ഏറ്റവും കൂടുതൽ കുട്ടികൾ എന്നറിയുകയായിരുന്നു ലക്ഷ്യം.ഓരോരുത്തർക്കും ഉള്ള കുട്ടിളുടെ എണ്ണം കണക്കെടുപ്പുകാർ ശേഖരിച്ചു. പലർക്കും വലിയ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്.പത്തും പതിനഞ്ചും ഇരുപതും കുട്ടികൾ സാധാരണമായിരുന്നു.*

*ചിലർക്ക്  ഒരു പ്രസവത്തിൽ തന്നെ നിരവധി കുട്ടിക്ൾ ഉണ്ടായിരുന്നു അവസാനംകണക്കെടുപ്പുസംഘം ഒരു സിംഹത്തിന്റെ അടുത്തെത്തി.*

*"തിരുമേനീ ,അവിടുത്തേക്ക് എത്ര കുട്ടികളുണ്ട് ?"*

*" എന്ത്,ഒരെണ്ണം മാത്രമോ? ? ? ?*

ജീവചരിത്രം



സച്ചിൻ വി.എസ് 9 എ

# കുമാരനാശാൻ

സ്നേഹത്തിന്റെ മഹത്വത്തെക്കുറച്ചു പാടിയ കവി.ആധുനിക കവിത്രയത്തിലെ ഒരാൾ.തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂരിനടുത്തുള്ള കായിക്കരഗ്രാമത്തിൽ 1873-ത് ജനിച്ചു.തൊമ്മൻ വിശാകത്ത് വീട്ടിൽ നാരായണനും കാളിയമ്മയുമാണ് അച്ഛനമ്മമാർ.


വിദ്യാഭ്യസത്തിനുശേഷം കുറച്ചുകാലം അധ്യാപകനായി ജോലി നോക്കിയതിനാലാണ് ആശാൻ എന്ന പേര് ലഭിച്ചത്.ബാംഗ്ലൂരിലും കൽക്കത്തയിലും പോയി സംസ്കൃതത്തിൽ പഠനം നടത്തി.16 വർഷം ശ്രീനാരായണ ധർമപരിപാലനയോഗത്തിന്റെ സെക്രട്ടറിയായിരുന്നു.

## 1907-ൽ ആശാൻ രചിച്ച വീണപൂവ്

മലയാളകവിതയിൽ അന്നുവരെയില്ലാതിരുന്ന പല പുതുമകളും കൊണ്ടുവന്നു.നളിനി,ലീല,ചിന്താവിഷ്ടയായ സീത,കരുണ,ചണ്ഡാലഭിക്ഷുകി,ദുരവസ്ഥ,പ്രരോദനം എന്നിവയാണ് മറ്റു കാവ്യങ്ങൾ.സ്നേഹത്തിന്റെ മഹത്വത്തെ ഉയർത്തിക്കാട്ടുന്ന ഈ കൃതികളാണ് ആശാനെ "സ്നേഹഗായകൻ" എന്ന പേരിന് അർഹനാക്കിയത്. 1924 ജനവരി 16-ന് പല്ലനയാറ്റിലുണ്ടായ ബോട്ടപകടത്തിൽ മരണമടഞ്ഞു.

കവിത

# വിരഹം



അജയ്ദിലീപ് 9 എ

അരികെ നീ ഉള്ളപ്പോൾ അറിഞ്ഞില്ലൊരിക്കലും

വിരഹത്തിനിത്ര വേദനയുണ്ടെന്ന്

സൗന്ദര്യം തുളുമ്പുംമുഖത്തെക്കാൾ സ്നേഹമൂറും

മനസ്സാണു വെമ്മയെന്നു നീ ചൊല്ലിയനാൾ

നിൻ മുഖം നോക്കി ചെറുചിരി ഞാൻ നൽകവെ

എൻ ദുഃഖങ്ങളെ വർണ്ണമാക്കും നിൻപുഞ്ചിരി

നീറുമെൻ ഹൃത്തിൾ തലോടലായി.

സ്വപ്നത്തിൾ വന്നൊരെൻ കണ്ണീർ തുടച്ചനിൻ

മുഖമെൻ മനസ്സിൽ നെയ്ത്തിരി നാളമായ്

എത്രചെയ്താലും ഒലിച്ചുപോകാത്തൊരെൻ ദുഃഖം

കടലായിനിൻ മടിത്തട്ടിൽ വീണലയവേ

കരയായ് വന്നെന്നെ തഴുകിയ നിൻ സ്നേഹം

ഉദിക്കും സൂര്യനെപ്പോലെൻ മനസ്സിൽ

ഏകാന്തതയെ കീറിമുറിച്ചെ നിൻ സാമീപ്യം

ഒരു തണലായ് വന്നുദിക്കവേ

നീയെൻേറതാമെന്നാരോ മന്ത്രിക്കും പോൽ

എൻ മനസ്സിൽ നവ്യകാന്തി

അതു നിന്നോടൊരു മൂകാനുരാഗമായെൻ

മനസ്സിൻ കോണിൽ കിളിർക്കവേ

സ്നേഹം എൻ ജീവിതമർഹിക്കാത്തതെ


ന്നാരോ മനസ്സിൽ മന്ത്രിക്കും പോൽ

ആ സ്നേഹം നിസ്വാർത്ഥമെന്നറിയുമ്പോൾ എൻ

മനം തേങ്ങുന്നു വീണ്ടും

സ്നേഹമെന്ന രണ്ടക്ഷരത്തിൻ സുഖത്തിനായ്.

# പഴഞ്ചൊല്ല്



ശ്രീഹരി വിനോദ് 9 എ

- *പയ്യെ തിന്നാൽ പനയും തിന്നാം*
- *മിന്നുന്നതെലാം പൊന്നല്ല*
- *കാണം വിറ്റും ഓണം ഉണ്ണണം*
- *കാണം വിറ്റാലും വരമ്പ് വിൽക്കരുത്*
- *കാണം വിറ്റാലും മാനം വിൽക്കരുത്*

*മടിയൻ മല ചുമക്കും*

- *കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻ കുഞ്ഞ്*
- *അണ്ണാരക്കണ്ണനും തന്നാലായത്*
- *വേണമെങ്കിൽ ചക്ക വേരിലും കായിക്കും*
- *വടികൊടുത്ത് അടിവാങ്ങരുത്*
- *മുറ്റത്തെ മുല്ലക്ക് മണമില്ല*

*കവിത*



# അക്ഷരം

**അനിലതോമസ്9 എ**

*ആദ്യമായി എൻ കുഞ്ഞുമിഴികൾ വിടർന്നപ്പോൾ*
*എന്നമ്മതൻ വാത്സല്യം ,നിന്നിലൂടെ എന്നിലേക്ക് ഒഴുകി*
*പിന്നെ ഞാൻ പിച്ചവെച്ചനാൾ മുതലേ*
*എൻ നാവിലൂടെ കുഞ്ഞുവാക്കുകളായി*
*നീ ,പുറത്തേക്കൊഴുകി*
*അമ്മയുടെ സ്ഥാനം കഴിഞ്ഞിന്നിതാ,എന്നിൽ*
*ഗുരുവിൽ സ്ഥാനമെത്തി*
*പിന്നെ, എൻ ഗുരുവിലൂടെ ഞാൻ*
*നിന്നെ കണ്ടുപഠിച്ച് ഗ്രഹിച്ച്*
*ഇന്നിതാ എന്നിലൂടെ നീ ലോകത്തേക്ക്*
*ഒഴുകാൻ തുടങ്ങുന്നു*

കവിത

# മഴ



അർജ്ജുൻ മോഹൻദാസ്9 എ

ഇടവപ്പാതി തെളിഞ്ഞു ഭുവിൽ
കാർമേഘംങ്ങൾ നിരഞ്ഞു വാനിൽ
പുഷ്പങ്ങൾ തലയാട്ടി കളിച്ചു
സൂര്യദേവൻ മറഞ്ഞിരുന്നു
ഭൂമിതൻ സമ്മാനമാകും മഴയിൽ
മാനവരെല്ലാരും ഹർഷമാർന്നു
കുസൃതിക്കുരുന്നുകൾ മഴ നനഞ്ഞു.
കടലാസു തോണികൾ ഉണ്ടാക്കിയും
മഴയുടെ കുളിർമ ആസ്വദിച്ചു
കാട്ടിന്റെ ചങ്ങാതിയാലും
ചെടികൾ തൻ സ്നേഹിതനായും
കുരുന്നുകൾക്ക് കൂട്ടായി
മഴയേ, നിനക്കു സ്വാഗതം

# ഞാൻ മരിച്ചാൽ...

കവിത



നവ്യ ബാബു 9 എ

രണ്ടുനാൾ

കരയണം.....

മറക്കില്ലെന്ന് ഓർക്കണം....

ഓർത്തോർത്തിരിക്കണം....

മറക്കില്ലെന്ന് കരുതണം....

പിന്നെ....

ഇടയ്ക്കിടെ ഓർക്കണം....

മറക്കാൻ മടിക്കണം

പിന്നെ....

ഓർക്കാൻ മടിക്കണം.

പതിയെ

ഓർക്കണം

*കഥ*

# പുൽക്കൂട്ടിലേയ്ക്ക്




**ജൂലിയമോൾ 9 എ**

ആദ്യമുദിച്ച നക്ഷത്രം വിചാരിച്ചു ഓ, ഇത്ര വലിയ മാനത്ത് ഞാൻ ഒരാൾ മാത്രമേയുള്ളൂ. ഇക്കാണായതൊക്കെ എനിക്കുള്ളതാണ്. പക്ഷേ , താമസിക്കാതെ ആ തെളിമാനത്ത് ഒരു നക്ഷത്രം കൂടിഉദിച്ചു . കുറച്ചു സങ്കടംമായെങ്കില്ല ആദ്യനക്ഷത്രം അപ്പേഴും സമാധാനിച്ചു . കുഴപ്പം ഇല്ല , കുറച്ചു ഇടം അയാൾക്കു വീതിച്ച് കൊടുക്കാം.

പിന്നെ ഓരോ നക്ഷത്രം ഉദിക്കുമ്പോഴും ആശ്വസിക്കുക തന്നെ ചെയ്തു . ക്രമേണ ആകാശം നിറയെ നക്ഷത്രങ്ങളായി. ഇത്രയും കൂട്ടുകാരെ കിട്ടിയല്ലോ എന്ന് ആ നക്ഷത്രം സന്തോഷിച്ചു. ഇവരുടെയെല്ലാം മുൻഗാമി താനാണല്ലോ.പക്ഷേ, പിന്നാലെ വന്നഓരോ നക്ഷത്രവും അതിനു മുന്നേ വന്നെത്തിയ എല്ലാറ്റിനെയും മനസ്സാ ശപിച്ചു.

അതിനാൽ നിറഞ്ഞ മാനം അവരിൽ സന്തോഷം വളർത്തിയില്ല. ഇതെല്ലാംകണ്ട്   ഒളിവിലിരിക്കുകയായിരുന്ന സൂര്യൻ പതുക്കെ മാനത്ത് പ്രത്യക്ഷപ്പെട്ടു. അതോടെ നക്ഷത്രങ്ങൾ ഓരോന്നായി മങ്ങി. അവസാനം ഒന്നുമാത്രം ബാക്കിയായി. സന്തോഷത്തോടെ ആ നക്ഷത്രം സൂര്യനോട് തൊഴുതുപറഞ്ഞു.അങ്ങക്ക് നമസ്കാരം. അങ്ങ് ഞങ്ങളെ ഒരു വലിയപാഠം പഠിപ്പിച്ചു. ഇനി എല്ലാ രാത്രികളിലും ഞങ്ങൾ ഉള്ളതൊക്കെ പങ്കിട്ട് സന്തോഷമായി  ഒരുമിച്ചു കഴിയും!

ഏതാനും നിമിഷം കൂടി എനിക്ക് തരിക! ആ നക്ഷത്രം അതിനെ പിൻതുടർന്ന ജ്ഞാനികളെ വിശുദ്ധപിറവിയുടെ പുൽക്കുടിനരികെ എത്തിച്ചു.



കഥ



# മഹാധവളേശ്വരൻ

ശിവപ്രിയ എസ്9 എ

ഒറീസായിൽ മഹാനദിക്കരയിലാണ് മഹാധവളേശ്വര ക്ഷേത്രം. ശ്രീപരമേശ്വരനാണ് പ്രതിഷ്ഠ. അവിടുത്തെ പ്രധാന ഉത്സവമാണ് ബഡാഓഷാ. ആ ഉത്സവം നടക്കുന്നത് കാർത്തികപൂർണ്ണിമ ദിവസമാണ്. ഭക്തർക്ക് അഭീഷ്ടങ്ങൾ സാധിച്ചുകൊടുക്കുന്ന ദേവനാണ് മഹാധവളേശ്വരൻ.

മഹാനദിയുടെതീരത്തെ ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരനുണ്ടയിരുന്നു, മഹാഭക്തൻ. ശ്രീപരമേശ്വരനായിരുന്നു ഇഷ്ടദേവൻ. നിത്യവും രാവിലെ ഉണർന്ന് നിത്യകർമ്മങ്ങൾ നടത്തി ദേഹശുദ്ധിവരുത്തി ഭഗവാനെ പൂജിച്ച് കാളയും കലപ്പയുമായി അയാൾ വയലിലേക്ക് ഇറങ്ങും. പകൽ മുഴുവൻ വിശ്രമമില്ലാതെ പണിയെടുക്കും. സന്ധ്യയ്ക്ക് ജോലി കഴിഞ്ഞുവന്നാൽ മഹാനദിയിൽ മുങ്ങിക്കുളിച്ച്ശ്രീപരമേശ്വരനെ വന്ദിച്ച് വിശ്രമിക്കും. അയാൾക്കു നല്ല വിളവുകിട്ടിയിരുന്നു. കുടുംബം പട്ടിണികൂടാതെ കഴിഞ്ഞുവന്നു.

അങ്ങനെയിരിക്കെ മഹാനദിയിൽ വെള്ളപ്പൊക്കം ഉണ്ടായി. ഗ്രാമങ്ങൾ വെള്ളത്തിനടിയിലായി. നാശനഷ്ട്ങ്ങൾ ഗ്രാമീണരെ

ദുഃഖത്തിലാഴ്ന്നു. ശിവഭക്തനായ കൃഷിക്കാരന്റെ വിളവുകൾ നശിച്ചു. അതുമാത്രമല്ല, അയാളുടെ ജീവനാധാരമായ കാളയും വെള്ളത്തിൽ ഒലിച്ചുപോയി. വെള്ളമിറങ്ങി. വിണ്ടും കൃഷിയിറക്കണം. കാളയില്ലാതെ എങ്ങനെ നിലം പൂട്ടും? ഒരു കാളയെ വാങ്ങാനുള്ള മാർഗ്ഗവുമില്ല.

കൃഷിക്കാരൻ ധർമ്മസങ്കടത്തിലായി. ഭഗവാനെ,എന്തെങ്കിലും ഒരു മാർഗ്ഗം കാട്ടിത്തരണമേ.അയാൾ ആരാധനാമൂർത്തിയോട് അപേക്ഷിച്ചു.രാത്രി ഉറക്കത്തിൽ ഭക്തൻ ഒരു ശബ്ദം കേട്ടു.മഹാനദിയുടെ തീരത്ത് എത്രയോ കാളകൾ മേഞ്ഞു നടക്കുന്നു, അതിലൊന്നിനെ പിടിച്ചുകെട്ടിക്കോളൂ.

കൃഷിക്കാരൻ ഞെട്ടിയുണർന്ന് ചുറ്റുപാടും നോക്കി.അവിടെങ്ങും ആരുമുണ്ടായിരുന്നില്ല.അയാൾ വീണ്ടും കിടന്നു.പിന്നെയും അതേസ്വരം.ഭക്തൻ മനസ്സിലുറച്ചു;ഇതു ഭഗവാൻ തന്നെ.പിറ്റേന്നു കാലത്ത് നിത്യകർമ്മങ്ങളും പൂജയും കഴിഞ്ഞ് അയാൾ മഹാനദിയുടെ തീരത്തെത്തി.നദിയുടെ മറുകരയിൽ ധാരാളം കന്നുകാലികൾ മേഞ്ഞുനടക്കുന്നു.

അയാൾ നദിയുടെ ആഴം കുറഞ്ഞ ഭാഗം നോക്കി വെള്ളത്തിലിറങ്ങി. ഒരുവിധത്തിൽ മറുകരയെത്തി.കാലിക്കൂട്ടത്തിൽ കറുത്തുമിനുത്ത ഒരു കാളയെ കൃഷിക്കാരന് ഇഷ്ടമായി.നല്ല ലക്ഷണമൊത്ത കാള! അയാൾ ആ കാളയുടെ കഴുത്തിൽ കയറിട്ട് പുഴയരികിലൂടെ ഗ്രാമത്തിലേക്കു നയിച്ചു. കള്ളൻ,കള്ളൻ! കാലിപിള്ളേർ വിളിച്ചു കൂവി.ഒരു പിശുക്കനായ ധനികന്റെ കാളയായിരുന്നു അത്. ധനികൻ വിവരമറിഞ്ഞു.അയാൾ കുറെ

ആളുകളേയും കൂട്ടി കാളയുടെ പിന്നാലെ പാഞ്ഞു.

അവർ പുഴക്കരയിലെത്തിയപ്പോഴേക്കും കൃഷിക്കാരനും കാളയും മറുകരയെത്തിക്കഴിഞ്ഞിരുന്നു. നേരവും ഇരുട്ടി. ഇരുളിൽ കറുത്ത കാളയെ എങ്ങനെ തിരിച്ചറിയും?നാളെ നേരം പുലരട്ടെ ആ കള്ളനെ ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. അതു പറഞ്ഞ് അവർ മടങ്ങി.

കൃഷിക്കാരൻ കാളയെ ശിവക്ഷേത്രത്തിനു മുന്നിലെ ഒരു മരത്തിൽ കെട്ടിയിട്ട് വീട്ടിലേക്കു പോയി.പുലർച്ചയ്ക്കു തന്നെ അയാൾ ഉണർന്നു. നിത്യ കർമ്മങ്ങളും പൂജയും കഴിഞ്ഞ് കലപ്പയുമായി കാളയെ കെട്ടിയിട്ടിരുന്നിടത്തെത്തി. അയാൾക്കു സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല. കറുത്തകാള വെള്ളയായി മാറിയിരിക്കുന്നു! എന്തൊരത്ഭുതം! ഭഗവാന്റെ ലീല തന്നെ! അയാളുറച്ചു. കാളയുടെ ഉടമസ്ഥനിൽ നിന്നു തന്നെ രക്ഷിക്കാൻ ഭഗവാൻ കണ്ട ഉപായം!

നാടാകെ വാർത്ത പരന്നു. കേട്ടവർ ക്ഷേത്രത്തിനു മുന്നിലേക്കോടി. ശ്രീപരമേശ്വരാ! ഭക്തവത്സലാ! ശംഭോ മഹാദേവാ ഭക്തിനിർഭരമായ വിളികൾ കൊണ്ട് ദിക്കുകൾ മുഖരിതമായി. അന്നു മുതൽ അവിടുത്തെ മഹാദേവന് മഹാധവളേശ്വരൻ എന്ന പേരുണ്ടായി.

# നന്ദി

**സെൻറ് ജോൺ എൻ എച്ച് എസ് എസ് കൊഴുവനാൽ**